**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4841** **01-11-2021 - ൽ മറുപടിയ്ക്ക്**

**കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായ കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഉദ്ദേശിച്ചുള്ള നടപടികൾ വിശദമാക്കുമോ? | (എ) | കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായ കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് അലോസരമില്ലാതെയും മാനസികസമ്മർദ്ദങ്ങളില്ലാതെയും താമസിക്കുവാൻ വേണ്ട സുരക്ഷിതമായ മേഖലയിലായിരിക്കണം കാരവൻ പാർക്കുകൾ നിർമ്മിക്കേണ്ടത്. കാരവൻ പാർക്കിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു. ചുറ്റുമതിലും പൂട്ടി സൂക്ഷിക്കാവുന്ന ഗേറ്റുമുൾപ്പെടെ, അനുവാദമില്ലാതെ ആർക്കും ഉള്ളിൽ കടക്കാൻ സാധിക്കാത്ത വിധമായിരിക്കണം കാരവൻ പാർക്കുകൾ തയ്യാറാക്കേണ്ടത്. നിരീക്ഷണക്യാമറകളും സെക്യൂരിറ്റി ഗാർഡുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം. പ്രഥമശുശ്രൂഷ നൽകാൻ പരിശീലനം സിദ്ധിച്ച ജീവനക്കാരും അടിയന്തിര ആവശ്യത്തിന് ഉപയോഗിക്കാവുന്ന പ്രഥമശുശ്രൂഷാ കിറ്റും റിസപ്ഷനിൽ ഉണ്ടായിരിക്കണം. അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുവാനായി "doctor on call" സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പാർക്കിലെ ജീവനക്കാരും ചുമതലക്കാരും തീപിടുത്തം, റോഡപകടം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, ഭൂമികുലുക്കം തുടങ്ങിയ കെടുതികൾ നേരിടുവാൻ ആവശ്യമായ പരിശീലനം നേടിയവരായിരിക്കണം. |

സെക്ഷൻ ഓഫീസർ